പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2681 **28-10-2026-ൽ മറുപടിയ്ക്ക്**

പെരുഞ്ചേരിക്കടവിലെ റഗുലേറ്റർ കം ബ്രിഡ്ജ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) പെരുഞ്ചേരിക്കടവിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണപ്രവൃത്തി പാതിവഴിയിലായതുകാരണം ജനങ്ങൾ ബുദ്ധിമുട്ടിലായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി താൽക്കാലികമായി തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന നിർമ്മാണ പദ്ധതിയാണ് പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്. കിഫ്ബിയിൽ നിന്ന് 07.09.2019-ന് ₹68.36 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്ത് കരാർ 07.09.2020-ന് നടപ്പിലാക്കി.

പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ 30% പൂർത്തീകരിച്ചിട്ടുണ്ട്. ഇടതുകരയിലെ സംരക്ഷണ ഭിത്തിയും, ഒരു പിയറും, അബട്ട്മെന്റും, ഇടതുകരയിലെ പൈലിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി പൂർത്തിയാക്കാത്തതുകാരണം ഉപ്പുവെള്ളം കയറി കൃഷിനാശം ഉണ്ടാകുന്നതും കിണറുകളിലെ വെള്ളത്തിൽ ഉപ്പുകലരുന്നതുമായ സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: പ്രദേശത്ത് ഉപ്പുവെള്ളം കയറുന്നതും, അതുമൂലം കൃഷിനാശവും കിണറുകളിലെ വെള്ളത്തിൽ ഉപ്പുകലരുന്നതുമായ സാഹചര്യങ്ങൾ കണക്കിലെടുത്ത്, ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പൂർത്തിയാകുന്നതോടുകൂടി ചെറുവണ്ണൂർ, വേളം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണത്തിന് പുറമേ, അഞ്ച് മീറ്റർ ഉയരത്തിൽ വെള്ളം സംഭരിക്കാനും പ്രദേശത്തേക്ക് ഉപ്പുവെള്ളം കയറുന്നത് പൂർണ്ണമായി തടയാനും സാധിക്കും. ഇത് കൃഷിയിടങ്ങളിൽ ആവശ്യത്തിന് ജലലഭ്യത ഉറപ്പാക്കുന്നതിനും ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിനും സഹായിക്കുന്നതിനാൽ നിലവിലുള്ള ഇത്തരം പ്രതിസന്ധികൾ ഒഴിവാക്കാൻ സാധിക്കും.

(സി) മഴക്കാലം വരുന്നതോടെ ഉപ്പുവെള്ളം കയറുന്ന പ്രശ്നം രൂക്ഷമാകാനിടയുള്ള സാഹചര്യത്തിൽ, പെരുഞ്ചേരിക്കടവിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതിന് എന്തൊക്കെ

അടിയന്തര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: പദ്ധതി പ്രദേശത്തെ സ്ഥിതി കണക്കിലെടുത്ത് പദ്ധതിയ്ക്ക് അനുയോജ്യമായ റിംഗ് ബണ്ട് നിർമ്മിച്ചാണ് പ്രവൃത്തി ആരംഭിച്ചത്. എന്നാൽ പുതുക്കിയ റിംഗ് ബണ്ടിന്റെ ഡിസൈൻ പ്രകാരമുള്ള നിരക്കും 07.09.2020-ലെ കരാർ പ്രകാരമുള്ള നിരക്കും തമ്മിൽ വ്യതിയാനം വന്നതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് കാലാതാമസം നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് ലഭിക്കുകയും ചെയ്തു. പേയ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു. കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചതിന്മേൽ 01.04.2024-ലെ കോടതി വിധി പ്രകാരം, ചീഫ് സെക്രട്ടറി ഇടപ്പെട്ട് എത്രയും വേഗം പ്രശ്നം പരിഹരിക്കാൻ കോടതി നിർദ്ദേശം നൽകി. തുടർന്ന് ചീഫ് സെക്രട്ടറി 17.04.2024-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും, താഴെ പറയുന്ന മൂന്ന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

1. ബഹു.കോടതിയുടെ വിധിന്യായം പ്രകാരം അനുവദിച്ചു നൽകാനുള്ള ബിൽ കെ.ഐ.ഐ.ഡി.സി. കിഫ്ബിയിക്ക് സമർപ്പിക്കണം.
2. തുടർന്നുള്ള പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പ്, പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് കെ.ഐ.ഐ.ഡി.സി തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിക്ക് സമർപ്പിക്കണം.
3. യോഗത്തിൽ എടുത്ത തീരുമാനങ്ങളെക്കുറിച്ച് പ്രിൻസിപ്പൽ സെക്രട്ടറി കിഫ്ബി ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്.

പ്രസ്തുത നിർദ്ദേശ പ്രകാരം കെ.ഐ.ഐ.ഡി.സി. ബില്ലുകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും, കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ചു നൽകുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ ശ്രുപരേഖ, പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.യിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. സാങ്കേതിക വിദഗ്ധർ പദ്ധതി പ്രദേശം സന്ദർശിച്ചു പുതുക്കിയ ശ്രുപരേഖയ്ക്കുള്ള അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത ശ്രുപരേഖ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും, ആയത് കിഫ്ബിയിലേക്ക് അംഗീകാരത്തിനായി 21.01.2025-ന് സമർപ്പിച്ചു.

തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റിന്റെ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതിനായി 24.05.2025-ന് കിഫ്ബി സി.ഇ.ഒ.യുടെ അധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. തർക്കത്തിലുള്ള ഇനങ്ങളുടെ നിരക്കുകൾ കെ.ഐ.ഐ.ഡി.സി.യും കിഫ്ബിയും സംയുക്തമായി അന്തിമമാക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും, 29.01.2026-ന് കിഫ്ബി ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പുനരാരംഭിക്കുന്നതിന്റെ മുന്നോടിയായി കിഫ്ബി അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അനുബന്ധ കരാർ നടപ്പിലാക്കുന്നതിനും പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കരാറുകാരന് നിർദ്ദേശം നൽകിയതാണ്. എന്നാൽ കരാറുകാരൻ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അനുബന്ധ കരാറിൽ ഏർപ്പെടാൻ തയ്യാറായില്ല. അതോടൊപ്പം കരാറുമായി ബന്ധപ്പെട്ട ടെർമിനേഷൻ നടപടികൾ സ്വീകരിക്കരുതെന്ന് പറഞ്ഞുകൊണ്ട് കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 23471/2026 എന്ന കേസ് ഫയൽ ചെയ്തു. അതിനനുബന്ധമായി ടെർമിനേഷൻ നടപടികൾ സ്വീകരിക്കരുതെന്ന് ഒരു ഇടക്കാല വിധി കോടതിയിൽ നിന്നും കരാറുകാരൻ നേടുകയുണ്ടായി. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലാണ്. കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും ഇത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>മറുപടി:</u> പദ്ധതി പ്രദേശത്തെ സ്ഥിതി കണക്കിലെടുത്ത് പദ്ധതിയ്ക്ക് അനുയോജ്യമായ റിംഗ് ബണ്ട് നിർമ്മിച്ചാണ് പ്രവൃത്തി ആരംഭിച്ചത്. എന്നാൽ പുതുക്കിയ റിംഗ് ബണ്ടിന്റെ ഡിസൈൻ പ്രകാരമുള്ള നിരക്കും 07.09.2020-ലെ കരാർ പ്രകാരമുള്ള നിരക്കും തമ്മിൽ വ്യതിയാനം വന്നതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് കാലാതാമസം നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് ലഭിക്കുകയും ചെയ്തു. പേയ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു. കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചതിന്മേൽ 01.04.2024-ലെ കോടതി വിധി പ്രകാരം, ചീഫ് സെക്രട്ടറി ഇടപ്പെട്ട് എത്രയും വേഗം പ്രശ്നം പരിഹരിക്കാൻ കോടതി നിർദ്ദേശം നൽകി. തുടർന്ന് ചീഫ് സെക്രട്ടറി 17.04.2024-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും, താഴെ പറയുന്ന മൂന്ന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

1. ബഹു.കോടതിയുടെ വിധിന്യായം പ്രകാരം അനുവദിച്ചു നൽകാനുള്ള ബിൽ കെ.ഐ.ഐ.ഡി.സി. കിഫ്ബിയിക്ക് സമർപ്പിക്കണം.
2. തുടർന്നുള്ള പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പ്, പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് കെ.ഐ.ഐ.ഡി.സി തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിക്ക് സമർപ്പിക്കണം.
3. യോഗത്തിൽ എടുത്ത തീരുമാനങ്ങളെക്കുറിച്ച് പ്രിൻസിപ്പൽ സെക്രട്ടറി കിഫ്ബി ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്.

പ്രസ്തുത നിർദ്ദേശ പ്രകാരം കെ.ഐ.ഐ.ഡി.സി. ബില്ലുകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും, കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ചു നൽകുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ രൂപരേഖ, പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.യിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. സാങ്കേതിക വിദഗ്ധർ പദ്ധതി പ്രദേശം സന്ദർശിച്ചു പുതുക്കിയ രൂപരേഖയ്ക്കുള്ള അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത രൂപരേഖ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും, ആയത് കിഫ്ബിയിലേക്ക് അംഗീകാരത്തിനായി 21.01.2025-ന് സമർപ്പിച്ചു.

തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റിന്റെ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതിനായി 24.05.2025-ന് കിഫ്ബി സി.ഇ.ഒ.യുടെ അധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. തർക്കത്തിലുള്ള ഇനങ്ങളുടെ നിരക്കുകൾ കെ.ഐ.ഐ.ഡി.സി.യും കിഫ്ബിയും സംയുക്തമായി അന്തിമമാക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും, 29.01.2026-ന് കിഫ്ബി ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പുനരാരംഭിക്കുന്നതിന്റെ മുന്നോടിയായി കിഫ്ബി അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അനുബന്ധ കരാർ നടപ്പിലാക്കുന്നതിനും പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കരാറുകാരന് നിർദ്ദേശം നൽകിയതാണ്. എന്നാൽ കരാറുകാരൻ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അനുബന്ധ കരാറിൽ ഏർപ്പെടാൻ തയ്യാറായില്ല. അതോടൊപ്പം കരാറുമായി ബന്ധപ്പെട്ട ടെർമിനേഷൻ നടപടികൾ സ്വീകരിക്കരുതെന്ന് പറഞ്ഞുകൊണ്ട് കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 23471/2026 എന്ന കേസ് ഫയൽ ചെയ്തു. അതിനനുബന്ധമായി ടെർമിനേഷൻ നടപടികൾ സ്വീകരിക്കരുതെന്ന് ഒരു ഇടക്കാല വിധി കോടതിയിൽ നിന്നും കരാറുകാരൻ നേടുകയുണ്ടായി. പ്രസ്തുത കേസ് കോടതിയുടെ

പരിഗണനയിലാണ്. കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ